"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2026-2027 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയം - മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.3960/2026/GEDN തീയതി,തിരുവനന്തപുരം, 15-06-2026

---

പരാമർശം:-

1. 18.04.2022 തീയതിയിലെ സ.ഉ (പി) നം. 5/2022/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. 24.05.2025 തീയതിയിലെ സ.ഉ (കൈ) നം. 92/2025/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ DGE/8895/2026-H2(2) തീയതിയിലെ 23.05.2026 നമ്പർ കത്ത്.

**ഉത്തരവ്**

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXIII ചട്ടം 12 അനുസരിച്ച് പാലിക്കേണ്ടതായ സമയപരിധി പാലിച്ചുകൊണ്ടും ബന്ധപ്പെട്ട ചട്ടങ്ങൾക്കും, തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയങ്ങളിൽ കോടതി നിർദേശങ്ങൾ ഉണ്ടെങ്കിൽ ആയതിനു അനുസൃതമായും 2025-26 അധ്യയന വർഷത്തിലും വരും വർഷങ്ങളിലും, സർക്കാർ ഉത്തരവിനു കാത്തുനിൽക്കാതെ, സംസ്ഥാനത്തെ സർക്കാർ,എയ്ഡഡ് സ്കൂളുകളിൽ, തസ്തികനിർണ്ണയ നടപടികൾ പൂർത്തിയാക്കേണ്ടതാണെന്നു പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു നിർദേശം നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2026-27 അധ്യയന വർഷത്തെ ആറാം പ്രവർത്തി ദിനത്തിൽ-റോളിൽ ഉണ്ടായിരുന്ന കുട്ടികളുടെ യു.ഐ.ഡി വാലിഡേറ്റ് ചെയ്യുന്നതിനും, യു.ഐ.ഡി ഇല്ലാത്തവർക്ക് ആയത് സമർപ്പിക്കുന്നതിനും സമയ പരിധി ദീർഘിപ്പിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു:

a) 2026-2027 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള Invalid യു.ഐ.ഡി. ഉള്ള കുട്ടികളുടെ യു.ഐ.ഡി കൾ വാലിഡ് ആക്കി സമന്വയയിൽ സിങ്ക് ചെയ്യുന്നതിനുള്ള സമയപരിധി 2026 ജൂൺ 25 വരെ ദീർഘിപ്പിച്ച് നൽകുന്നു.

b) 2026-27 അധ്യയന വർഷത്തിൽ ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ യു.ഐ.ഡിക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും ഇ.ഐ.ഡി. നമ്പർ മാത്രം ലഭ്യമായിട്ടുള്ളതുമായ കുട്ടികൾക്ക് UID ഹാജരാക്കാൻ 14.07.2026 വരെ സമയം ദീർഘിപ്പിച്ചു നൽകുന്നു.

5 . സർക്കാർ അനുവദിച്ചിട്ടുള്ള സമയ പരിധിയ്ക്കുള്ളിൽ യു.ഐ.ഡി സമർപ്പിക്കുന്ന വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി 2026-2027 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം (അധിക തസ്തിക ഉൾപ്പെടെ) സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറും, കൈറ്റ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസറും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്,തിരുവനന്തപുരം.
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന).
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by N K Sheena**
**Date: 16-06-2026 10:27:40**
സെക്ഷൻ ഓഫീസർ